THE FIRST INTERNATIONAL INDIAN NEWSPAPER
മാധ്യമം
July 27, 2016

# മത്സ്യമേഖല മെച്ചപ്പെടുത്തുന്നതിന് നിയന്ത്രണങ്ങൾ കൊണ്ടുവരും –മന്ത്രി

കൊച്ചി: മത്സ്യമേഖലയെ അഭിവൃദ്ധിപ്പെടുത്തുന്നതിന് ആവശ്യമായ നിയന്ത്രണങ്ങൾ കൊണ്ടുവരുമെന്ന് ഫിഷറീസ് മന്ത്രി ജെ. മേഴ്സിക്കുട്ടിയമ്മ. കേന്ദ്ര സമുദ്ര മത്സ്യഗവേഷണ സ്ഥാപനത്തിൽ (സി എം.എഫ്.ആർ.ഐ) ഫിഷറീസ് ഗവേഷണ സ്ഥാപന മേധാവികളുമായുള്ള കൂടിയാലോചനയിൽ സംസാരിക്കുകയായിരുന്നു അവർ. യോഗത്തിൽ വിദഗ്ധർ അവതരിപ്പിച്ച നിർദേശങ്ങൾ പരിഗണിച്ച് പ്രവർത്തന പദ്ധതി രൂപപ്പെടുത്തും.

മത്സ്യബന്ധനം, സംരക്ഷണം, സംസ്കരണം, വിപണനം തുടങ്ങിയ മേഖലകളിലെ അനിയന്ത്രിതവും അശാസ്ത്രീയവുമായ രീതികൾക്ക് കടിഞ്ഞാണിടും. വലകളുടെ വലുപ്പം, മത്സ്യബന്ധന ദൂരപരിധി, പിടിക്കാവുന്ന മത്സ്യങ്ങളുടെ വലുപ്പം തുടങ്ങിയവ ശാസ്ത്രീയമായി നിശ്ചയിക്കും. ബോട്ട് യാർഡുകൾക്ക് രജിസ്ട്രേഷൻ ഏർപ്പെടുത്തും. ഗവേഷണ സ്ഥാപനങ്ങളുടെയും സർക്കാർ ഏജൻസികളുടെയും പ്രവർത്തനം ഏകോപിപ്പിക്കുമെന്നും മന്ത്രി കൂട്ടിച്ചേർത്തു.

സി.എം.എഫ്.ആർ.ഐ ഡയറക്ടർ ഡോ.എ. ഗോപാലകൃഷ്ണൻ, ഫിഷറീസ് ഡയറക്ടർ മിനി ആന്റണി, സി.ഐ.എഫ്.ടി ഡയറക്ടർ ഡോ. സി.എൻ. രവിശങ്കർ, കുഫോസ് വൈസ് ചാൻസലർ ഡോ. എ. രാമചന്ദ്രൻ, സാഫ് എക്സിക്യൂട്ടീവ് ഡയറക്ടർ സി.ആർ. സത്യവതി എന്നിവർ സംബന്ധിച്ചു.




കൊച്ചി സി.എം.എഫ്.ആർ.ഐയിൽ നടന്ന ഫിഷറീസ് ഗവേഷണ സ്ഥാപന മേധാവികളുമായുള്ള കൂടിയാലോചനാ യോഗത്തിൽ മന്ത്രി ജെ. മേഴ്സിക്കുട്ടിയമ്മ സംസാരിക്കുന്നു

Close